വൈക്കം ബോട്ടുജെട്ടി പുതുക്കി പണിയുന്നതിന് നടപടി

42 (4650) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം ബോട്ടുജെട്ടിയുടെ ശോചനീയാവസ്ഥ മാറ്റുന്നതിനും പുതുക്കി പണിയുന്നതിനും "എ ടൈപ്പ്" ജെട്ടിയാക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് ഗവൺമെന്റ് അംഗീകരിച്ചിട്ടും ടെണ്ടർ നടപടികൾ കൈക്കൊള്ളാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ എന്ന് ടെണ്ടർ ക്ഷണിക്കാനാവുമെന്നും ആയതിൻ പ്രകാരമുള്ള പണി എന്നത്തേക്ക് തുടങ്ങാനാവുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ&ബി) വൈക്കം ബോട്ടുജെട്ടി ഉൾപ്പെടുന്ന പ്രധാനപ്പെട്ട ജലഗതാഗത പാതയായ കോട്ടയം-വൈക്കം ജലപാതയുടെ വികസനം, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റിൽ ഒരു പൈലറ്റ് പ്രോജക്റ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റിന്റെ നടത്തിപ്പു ചുമതല സംസ്ഥാന പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള പ്രോജക്റ്റ് മാനേജ്മെന്റ് ടീമിനാണ്. ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക്, ബാങ്കിന്റെ നിബന്ധനകൾക്കു വിധേയമായി ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് കാട്ടുചെയ്ത മെസേഴ്സ് ഭാഗിരഥ എഞ്ചിനീയറിംഗ് ലിമിറ്റഡ് (കൊച്ചി) എന്ന കമ്പനിയുടെ ടെണ്ടർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ബാങ്കിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. ബാങ്കിന്റെ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ അവരുടെ നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി പണികൾ ആരംഭിക്കുന്നതാണ്.

തിരുവനന്തപുരം നോർത്ത് മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ ഏറ്റെടുത്തിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

43 (4651) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നോർത്ത് മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ ഏറ്റെടുത്തിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണ് ;

(ബി) അവ യഥാക്രമം എന്ന് പൂർത്തിയാക്കണമെന്ന് നിർദ്ദേശിക്കുമോ ;

(സി) മഴക്കാലത്ത് കരകവിഞ്ഞൊഴുകുന്ന കരമന, കിള്ളി, നദികളുടെയും പട്ടം, ഉള്ളൂർ തോടുകളുടേയും പാർശ്വ സംരക്ഷണത്തിനായി ഏതെല്ലാം പുതിയ പദ്ധതികൾ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ആമയിഴഞ്ചാൻ തോടിന്റെയും ആക്കുളം കായലിന്റെയും ചുറ്റുമുള്ള പ്രദേശങ്ങൾ അനധികൃതമായി കയ്യേറുന്നത് തടയാൻ നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആക്കുളംകായൽ, ആമയിഴഞ്ചാൻ, കണ്ണമ്മൂല എന്നീ തോടുകളുടെയും ആഴം വർദ്ധിപ്പിച്ച് വെള്ളപ്പൊക്കം ഒഴിവാക്കാൻ നിർദ്ദേശിക്കുമോ ;

(എഫ്) ഇടവക്കാട്, കൊല്ലവിള പാലങ്ങളുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ ;

(ജി) ഈ പാലങ്ങളുടെ നിർമ്മാണം സത്വരമായി പൂർത്തിയാക്കാൻ നിർദ്ദേശിക്കുമോ ;

(എച്ച്) കാടുവെട്ടി ഇടത്തറ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാരംഭിക്കുമെന്ന് അറിയിക്കുമോ ;

(ഐ) കണ്ണമ്മൂല തോടിൽ നെല്ലിക്കുഴി ഭാഗത്ത് ഗതാഗതയോഗ്യമായ പുതിയ പാലം നിർമ്മിക്കാനുള്ള അനുമതി പരിഗണിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നോർത്ത് മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്തിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ (1) ആമയിഴഞ്ചാൻ തോട്ടിൽ കൊല്ലവിള പാലം, (2) ഇടവകോട് പാലം മൈനർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്തിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ.

1. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണം.
2. ആദർശ് നഗറിലെ പൊട്ടക്കുഴി ഗൗരീശപട്ടം തോടിന്റെ പുനരുദ്ധാരണ പണികൾ.
3. തിരുവനന്തപുരം കോർപ്പറേഷനിലുള്ള അമ്പലമുക്കിലെ കോഫോട്ട് ജംഗ്ഷൻ മുതൽ പൈപ്പിൻമൂട് വരെയുള്ള ഓടയുടെ പുനരുദ്ധാരണ പണികൾ.

(ബി) അവ യഥാക്രമം ഓഗസ്റ്റ് 2003-ലും ഡിസംബർ 2003-ലും ജൂലൈ 2004-ലും ഒക്ടോബർ 2004-ലും പൂർത്തിയാക്കണമെന്ന് ഉദ്ദേശിക്കുന്നു.

(സി) കരമന നദിയുടെ വലതുകരയിൽ തമലം തൃക്കണ്ണാപുരം, തളിയൽ പള്ളത്തുകടവ് എന്നിവിടങ്ങളിലും ഇടതുകരയിൽ അമൃത നഗർമുതൽ കരമന പാലം വരെയുള്ള ഭാഗത്ത് 150 മീറ്റർ ഒഴികെയുള്ള ഭാഗത്തും പാർശ്വഭിത്തികൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. കിള്ളിയാറിന്റെ വലതുകരയിൽ ജഗതി മുതൽ കിള്ളിപ്പാലം വരെയും ഇടതുകരയിൽ വിവേകാനന്ദ നഗറിനു സമീപവും ഐരാണിമുട്ടം മുതൽ വള്ളത്തുകടവു വരെയുള്ള ഇരുവശങ്ങളിലും പാർശ്വഭിത്തി നിർമ്മാണം നടന്നുവരുന്നു.

കരമനയാറ്റിൽ കുണ്ടമൺകടവ് പാലത്തിൽ നിന്നും 11.90 കി. മീ. നീളത്തിൽ കരമനയാറിന്റെ ഇരുകരകളുടെയും സംരക്ഷണത്തിനായുള്ള 580 ലക്ഷം രൂപയുടെ പ്രോജക്ട് എസ്റ്റിമേറ്റ് സെൻട്രൽ സെക്ടർ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

പട്ടംതോട് പ്ലാമൂടുവരെയുള്ള ഭാഗം സിറ്റി ഫ്ളഡിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. ബാക്കിഭാഗത്തേക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്വീകരിക്കുന്നതാണ്.

(ഇ) തമ്പാനൂർ പഴവങ്ങാടിവെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള കമ്മിറ്റിക്ക് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ആക്കുളം കായലിന്റെ ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി ടൂറിസംവകുപ്പിൽ നിന്നും നല്കിയിട്ടുണ്ട്.

(എഫ്) പണി പുരോഗതിയിലാണ്.

(ജി) ഈ പാലങ്ങളുടെ നിർമ്മാണം യഥാക്രമം ഡിസംബർ 2003-ലും ആഗസ്റ്റ് 2003-ലും പൂർത്തിയാക്കുന്നതാണ്.

(എച്ച്) കാടുവെട്ടി പാലത്തിന്റെ ദർഘാസിൽ നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. ഇടത്തറ പാലത്തിന്റെ സാങ്കേതികാനുമതി സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

(ഐ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ജലസേചന വകുപ്പിലെ എച്ച്. ആർ., സി. എൽ. ആർ., എസ്. എൽ. ആർ വിഭാഗം ജീവനക്കാർ

44 (4652) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിലെ എച്ച്.ആർ., സി.എൽ.ആർ., എസ്.എൽ.ആർ. വിഭാഗം ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് 28-2-2001-ൽ കഴിഞ്ഞ സർക്കാർ നടത്തിയ ഉന്നതതലയോഗത്തിന്റെ തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) 31-05-2000 വരെയുള്ള എച്ച്.ആർ., സി.എൽ.ആർ., എസ്.എൽ.ആർ., വിഭാഗക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചോ ; ഇല്ലെങ്കിൽ ആയത് എന്ന് പ്രസിദ്ധീകരിക്കുമെന്ന് പറയാമോ ;

(സി) സംസ്ഥാനത്ത് ജലസേചന വകുപ്പിൽ എത്ര എച്ച്.ആർ., സി.എൽ.ആർ., എസ്. എൽ. ആർ. വിഭാഗം ജീവനക്കാർ 31-5-2000-ൽ നിലവിലുണ്ട് ; കാറ്റഗറി തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ ;

(ഡി) എച്ച് ആർ കാറ്റഗറിയിൽ ഇപ്പോഴും പുതിയ നിയമനം നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തുമാനദണ്ഡം അനുസരിച്ചാണ് നിയമനം നടത്തുന്നത് ;

(ഇ) ജി. ഒ. (പി) 106/85/പി. ഡബ്ല്യു. ആന്റ് ടി. തീയതി 17-9-1985 അനുസരിച്ച് ഇറിഗേഷൻ കൂടി ഉൾപ്പെട്ട പി. ഡബ്ല്യു. ഡി. വകുപ്പിൽ അന്നത്തെ എൻ. എം. ആർ, ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ പുതുതായി അനുവദിച്ച തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly